**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3723** **02-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരഗ്രാമം പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; | (എ) | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ പാലുല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകരുടെ എണ്ണം, ഉരുക്കളുടെ എണ്ണം, ക്ഷീരസംഘങ്ങളുടെ എണ്ണം, ക്ഷീരസംഘങ്ങളുടെ പ്രവർത്തന മികവ്, അധിക പാൽ സംഭരിക്കുവാനും വിപണനം നടത്തുവാനുമുള്ള സംഘങ്ങളുടെ മികവ്, എന്നിവ മാനദണ്ഡമാക്കിയാണ് ക്ഷീരഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നത്. |
| (ബി) | കണ്ണൂർ ജില്ലയിൽ പാൽ ഉല്പാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും ഏതൊക്കെയാണെന്ന് അറിയിക്കുമോ? | (ബി) | പ്രതിദിനം 26425 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്ന തളിപ്പറമ്പ് കണ്ണൂർ ജില്ലയിൽ പാൽ ഉല്പാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ബ്ലോക്ക് പഞ്ചായത്തും പ്രതിദിനം 6747 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്ന ആലക്കോട് ഏറ്റവും മുന്നിൽ നിൽക്കുന്ന ഗ്രാമപഞ്ചായത്തുമാണ്. |

സെക്ഷൻ ഓഫീസർ